# പൂകുലകൾ

പൂകുലകളാവണിത്തെന്നലിലാടി
മാകനികളാലോലമാലോലമാടി



തളിരണിമാമരക്കൊമ്പുലഞ്ഞാടി
കുയിലുകളനുരാഗ പഞ്ചമം പാടി.

വിരിയുന്നൊരരിമുല്ലമൊട്ടിന്റെ ചുണ്ടിൽ
പുതു നിലാവുമ്മവച്ചീടുമീ രാവിൽ

അഞ്ജാത കാമുക! നിന്നാഗമത്തിൻ
പുളകോൽസവങ്ങളും കാത്തു ഞാൻ നിന്നു.

മമ ജീവിതാശകളാണിന്നു രാവിൽ
മലർ മാലയായി ഞാൻ കോർത്തതിക്കാവിൽ.

അതു വാടി വാടിത്തളർന്നെന്റെ കൈയിൽ
അണയാത്തതെന്നിട്ടുമെന്തു നീ മുന്നിൽ?

പുലർകാല താരങ്ങൾ വിളറുകയായി
മധുമാസരാവും ഹാ! മറയുകയായി.

വിറയാർന്നൊരെൻ ദീപനാളവുമായി
പിരിയുന്നു ഞാനെന്റെ സ്വപ്നവുമായി.

അധരത്തിലെന്നാലുമെൻ മന്ദഹാസം
കടമിഴിക്കോണിലോ വേദനകൾ മാത്രം.■

1954